**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3902** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി തസ്തിക നിർണ്ണയ ഉത്തരവും എച്ച്.എസ്.എസ്.ടി. റാങ്ക് ലിസ്റ്റും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2022-ലെ ഹയർ സെക്കണ്ടറി തസ്തിക നിർണ്ണയ ഉത്തരവിൽ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയ്ക്ക് സ്കൂളുകളിലെ ബാച്ചുകൾ അനുസരിച്ച് വേണ്ട പിരീഡുകൾ എത്രയാണെന്ന് വിശദമാക്കുമോ; | (എ) | 7 മുതൽ 14 വരെ |
| (ബി) | 2017-ൽ മേൽപ്പറഞ്ഞ ഉത്തരവിലെ ഭേദഗതിയിൽ മിനിമം പിരീഡ് മൂന്നിൽ നിന്ന് ആറിലേയ്ക്ക് ഫിക്സ് ചെയ്യുന്നതിന് പകരം ഏഴിലേയ്ക്ക് ഫിക്സ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | 8/6/2017ലെ സ.ഉ(കൈ)നം.47/2017/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള പരമാവധി ജോലിഭാരത്തിനു പുറമെ അധികമായി വരുന്ന 1 മുതൽ 6 വരെ പിരീഡുകൾക്ക് ഗസ്റ്റ് അദ്ധ്യാപകരെ നിയോഗിക്കാനും ഏഴോ അതിലധികമോ പിരീഡുകൾക്ക് മുകളിൽ ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കാനും വ്യവസ്ഥ ചെയ്യുന്നുണ്ട്. |
| (സി) | പി.എസ്.സി. കാറ്റഗറി നമ്പർ 246/2017 റാങ്ക് ലിസ്റ്റിൽ നിന്നും നിലവിൽ എത്ര നിയമനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ ഇംഗ്ലീഷ് (ജൂനിയർ) (കാറ്റഗറി നമ്പർ 246/2017) തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും ആകെ 152 ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിയമനങ്ങൾ മേൽപ്പറഞ്ഞ 2022 ലെ സർക്കാർ ഉത്തരവ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടാണോ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | ഹയർ സെക്കന്ററി സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾ, സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത മാനദണ്ഡങ്ങൾ പാലിച്ച് PSC ലഭ്യമാക്കുന്ന നിയമന ശുപാർശ പ്രകാരമാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ